"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി

തിരുത്തൽ

നവീകരണം

പുനരധിവാസം"

**കേരള പ്രിസൺസ് &**

**കറക്ഷണൽ സർവ്വീസസ്**

ജയിലാസ്ഥാനകാര്യാലയം

പൂജപ്പുര, തിരുവനന്തപുരം - 12

Phone: 0471-2342532

Mail: keralaprisons@gov.in

www.keralaprisons.gov.in

**ഇണ്ടാസ് നം: KPCS/2831/2025-E1 തീയതി: 12-04-2025**

ആഭ്യന്തര (ബി) വകുപ്പിന്റെ 27.03.2025 തീയതിയിലെ ബി3/443/2024/ആഭ്യന്തരം നമ്പർ കത്ത് അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Preetha V S

PA TO DGP&CS

സ്വീകർത്താവ്: ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ആഭ്യന്തര (ബി) വകുപ്പ്

നമ്പർ.ബി3/443/2024/ ആഭ്യന്തരം 27-03-2025,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം

സർ,

വിഷയം:- ആഭ്യന്തരവകുപ്പ് - ജയിലുകൾ - യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2023-26)- 4-ാമതു റിപ്പോർട്ട്- ശിപാർശകൾ പാലിക്കുന്നത്- സംബന്ധിച്ച്

സൂചന:- പാർലമെന്ററി കാര്യ (ബി) വകുപ്പിന്റെ 15/11/2024-ലെ പി.എഡി. - ബി1/82/2024/പിഎഡി നമ്പർ അനൗ.കുറിപ്പ് .

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ(2023-26) 4-ാമത് റിപ്പോർട്ടിലെ 12, 13 ഖണ്ഡികകളിലെ താഴെ പറയുന്ന ശിപാർശകൾ കർശനമായി പാലിക്കേണ്ടതും സമയബന്ധിതമായി റിപ്പോർട്ടുകൾ സർക്കാരിൽ ലഭ്യമാക്കേണ്ടതാണെന്നും അഭ്യർത്ഥിക്കുന്നു:

*ശിപാർശ **12.** പി.എസ്.സി മുഖേനയുള്ള നിയമനവുമായി ബന്ധപ്പെട്ട് സമിതിക്ക് ലഭിക്കുന്ന മിക്ക പരാതികളിലും റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുന്നതിന് മുൻപ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്നും നിയമന നടപടികൾ സ്വീകരിക്കണമെന്നുമുള്ള ആവശ്യമാണ് ഹർജിക്കാർ പ്രാധാനമായും ഉന്നയിക്കുന്നത്. അത്തരം ഹർജികളിന്മേലുള്ള നടപടി റിപ്പോർട്ട് റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുന്നതിന് മുൻപ് സമിതിക്ക് ലഭ്യമാക്കുന്നതിൽ പല വകുപ്പുകളും വീഴ്ച വരുത്തുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റാങ്ക് ലിസ്റ്റിൻ്റെ കാലാവധി അവസാനിച്ച് നാളുകൾക്ക് ശേഷം കാലാവധി അവസാനിച്ച റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ ചട്ടപ്രകാരം സാധ്യമല്ല എന്ന മറുപടി നൽകുന്നതിൽ പ്രസക്തിയില്ല. ഒരു റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ പ്രസ്തുത റാങ്ക് ലിസ്റ്റുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേലുള്ള നടപടി റിപ്പോർട്ട് പ്രസ്തുത റാങ്ക് ലിസ്റ്റ് അവസാനിക്കുന്നതിന് മുൻപ് തന്നെ സമിതിക്ക് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ ജാഗ്രത പുലർത്തേണ്ടതാണ്.*

***13.** സമിതിയുടെ സജീവ പരിഗണനയിലുള്ള വിവിധ വിഷയങ്ങളിന്മേൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ സമയബന്ധിതമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.*

വിശ്വസ്തതയോടെ,<br>
ബിജീഷ് ബി ഗോപൻ<br>
അണ്ടർ സെക്രട്ടറി<br>
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.